# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **6141** | **20.11.2019**-ന് മറുപടിയ്ക്ക്

## പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി. ഷാനിമോൾ ഉസ്മാൻ :** | **എ. കെ. ബാലൻ**<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം ധനകാര്യ വകുപ്പ് വിലയിരുത്താറുണ്ട്. കൂടാതെ ദേശീയ ഏജൻസികളായ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) എന്നിവർ ഓരോ സാമ്പത്തിക വർഷവും മോണിറ്റർമാർ മുഖേന കോർപ്പറേഷന്റെ പ്രവർത്തനവും ഫണ്ട് വിനിയോഗവും വിലയിരുത്താറുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ കോർപ്പറേഷന്റെ (NBCFDC) 25 വർഷത്തെ പ്രവർത്തന ചരിത്രത്തിലെ ഏറ്റവും മികച്ച സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസിക്കുള്ള രജത ജൂബിലി പുരസ്കാരം കോർപ്പറേഷന് ലഭിച്ചിട്ടുണ്ട്. കൂടാതെ കോർപ്പറേഷന്റെ കഴിഞ്ഞ 3 വർഷങ്ങളായുള്ള കംപ്ട്രോളർ & ആഡിറ്റ് ജനറലിന്റെ (C&AG) ആഡിറ്റിൽ പരാമർശ രഹിത റിപ്പോർട്ടാണ് സമർപ്പിച്ചിട്ടുള്ളത്. മാത്രമല്ല കോർപ്പറേഷന്റെ സ്റ്റാറ്റ്യൂട്ടറി ആഡിറ്റും സമയബന്ധിതമായി (2018-19 വരെ) പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾക്ക് ഈടാക്കുന്ന പലിശ നിരക്ക് എത്രയാണ് ; | (ബി) കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ പലിശ നിരക്ക് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |

(.....2)

| | | | |
|---|---|---|---|
| (സി) | ഒ.ബി.സി. വിഭാഗത്തിന് വേണ്ടിയും മതന്യൂനപക്ഷ വിഭാഗത്തിന് വേണ്ടിയും നടപ്പിലാക്കുന്ന പദ്ധതികൾക്ക് മറ്റേതെങ്കിലും വിധത്തിൽ ധനസഹായം ലഭ്യമാകുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ; | (സി) | ഉണ്ട്. കേന്ദ്ര ഏജൻസികളായ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) എന്നീ ഏജൻസികളുടെ സംസ്ഥാന ചാലക ഏജൻസിയാണ് കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ. പ്രസ്തുത ഏജൻസികളിൽ നിന്നും ലഭിക്കുന്ന വായ്പയും കോർപ്പറേഷന്റെ വിഹിതവും ഉപയോഗിച്ച് വിവിധ വായ്പാ പദ്ധതികൾ നടപ്പിലാക്കുന്നു. |
| (ഡി) | 2018-19 ൽ ഇപ്രകാരം ലഭ്യമായ സാമ്പത്തിക സഹായം എത്രയാണ്; അതിൽ എത്ര തുക ചെലവഴിച്ചു ; | (ഡി) | 2018-19 സാമ്പത്തിക വർഷം ദേശീയ ഏജൻസികളായ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ കോർപ്പറേഷനിൽ (NBCFDC) നിന്നും 130 കോടി രൂപയും, ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ (NMDFC) നിന്നും 109.5 കോടി രൂപയും കോർപ്പറേഷന് ലഭിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ സ്വന്തം വിഹിതമായ 236.5 കോടി രൂപയും ചേർത്ത് മൊത്തം 476 കോടി രൂപ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചു. |
| (ഇ) | ഈ സർക്കാർ നിലവിൽ വന്ന ശേഷം സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ? | (ഇ) | കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നിലവിൽ നടപ്പിലാക്കി വരുന്ന വിവിധ വായ്പാ പദ്ധതികൾക്ക് പുറമേ ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം പുതുതായി ആവിഷ്കരിച്ച പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം 1

## മറ്റു പിന്നോക്ക വിഭാഗങ്ങൾക്കായുള്ള (OBC) പദ്ധതികൾ - NBCFDC പദ്ധതികൾ

| പദ്ധതിയുടെ പേര് | പലിശ നിരക്ക് |
|---|---|
| 1. സ്വയം തൊഴിൽ പദ്ധതി<br>(3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിന് മുകളിൽ 10 ലക്ഷം വരെ - 7%<br>10 ലക്ഷത്തിന് മുകളിൽ - 8% |
| 2. വനിതകൾക്കായുള്ള പ്രത്യേക സ്വയം തൊഴിൽ വായ്പ (ന്യൂ സ്വർണ്ണിമ)<br>(3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 5% |
| 3. വിദ്യാഭ്യാസ വായ്പാ പദ്ധതി<br>(3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | ആൺകുട്ടികൾ - 4%<br>പെൺകുട്ടികൾ - 3.5% |
| 4. ലഘു വായ്പാ പദ്ധതി (സന്നദ്ധ സംഘടനകൾ / CDS വഴി നൽകുന്ന വായ്പ)<br>(3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | NGO / CDS - 3.50%,<br>SHG ക്ക് 5% |
| 5. മഹിളാ സമൃദ്ധി യോജന (വനിതകൾക്കുള്ള ലഘു വായ്പ)<br>(3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | CDS - 2.50%,<br>SHG ക്ക് - 4% |
| 6. റി-ടേൺ വായ്പാ പദ്ധതി<br>(പ്രവാസ ജീവിതത്തിന് ശേഷം നാട്ടിൽ സ്ഥിര താമസമാക്കുന്നതിന് വേണ്ടി മടങ്ങിവരുന്നവർക്കുള്ള പദ്ധതി) | 5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിന് മുകളിൽ 10 ലക്ഷം വരെ - 7%<br>10 ലക്ഷത്തിന് മുകളിൽ - 8% |

## മതന്യൂനപക്ഷങ്ങൾക്കുള്ള പദ്ധതികൾ (മുസ്ലീം, ക്രിസ്ത്യൻ, സിക്ക്, പാഴ്സി, ബുദ്ധ, ജൈനമത വിഭാഗങ്ങൾക്ക്) - NMDFC പദ്ധതികൾ

| പദ്ധതിയുടെ പേര് | പലിശ നിരക്ക് |
|---|---|
| 1. സ്വയം തൊഴിൽ പദ്ധതി - 1<br>(ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 6% |
| 2. സ്വയം തൊഴിൽ പദ്ധതി - 2<br>(6 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | പുരുഷൻ - 8%<br>സ്ത്രീ - 6% |
| 3. ലഘു വായ്പാ പദ്ധതി (സന്നദ്ധ സംഘടനകൾ / CDS വഴി നൽകുന്ന വായ്പ)<br>(ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | NGO / CDS - 3.50%,<br>SHG ക്ക് - 5% |

(.....2)

| | |
|---|---|
| 4. വിദ്യാഭ്യാസ വായ്പ്പാ പദ്ധതി - 1 (ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 3% |
| 5. വിദ്യാഭ്യാസ വായ്പ്പാ പദ്ധതി - 2 (6 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | ആൺകുട്ടികൾ - 8%<br>പെൺകുട്ടികൾ - 5% |
| 6. റി-ടേൺ വായ്പ്പാ പദ്ധതി (പ്രവാസ ജീവിതത്തിന് ശേഷം നാട്ടിൽ സ്ഥിര താമസ മാക്കുന്നതിന് വേണ്ടി മടങ്ങിവരുന്നവർക്കുള്ള പദ്ധതി) | NMDFC സ്വയം തൊഴിൽ പദ്ധതി - 1, 2 എന്നിവയ്ക്ക് സമാനം. |

**KSBCDC ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ**
**(ഒ.ബി.സി. - മതന്യൂനപക്ഷ വിഭാഗങ്ങൾക്ക്)**

| പദ്ധതിയുടെ പേര് | പലിശ നിരക്ക് |
|---|---|
| 1. പെൺകുട്ടികളുടെ വിവാഹ വായ്പ്പാ പദ്ധതി (3 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 6% |
| 2. സുവർണ്ണ ശ്രീ വായ്പ (ബഹുവിധ ആവശ്യങ്ങൾക്ക്) (3 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 9% |
| 3. പ്രവർത്തന മൂലധന വായ്പ്പാ (3 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 8% |
| 4. ബിസിനസ്സ് ഡെവലപ്മെന്റ് വായ്പ (3 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 9% |
| 5. വിദ്യാശ്രീ വായ്പ പദ്ധതി (3 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 6% |
| 6. വാഹന വായ്പ (8 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 9% |
| 7. ഗൃഹ പുനരുദ്ധാരണ വായ്പ (സ്വസ്ഥ ഗൃഹ) (8 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 10% |
| 8. വ്യക്തിഗത വായ്പ (8 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 11% |
| 9. എന്റെ വീട് (ഭവന നിർമ്മാണ വായ്പ്പാ പദ്ധതി) - 1 (1,20,000/- ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 7.50% |
| 10. എന്റെ വീട് (ഭവന നിർമ്മാണ വായ്പ്പാ പദ്ധതി) - 2 (3 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 8% |

സെക്ഷൻ ഓഫീസർ.

# അനുബന്ധം 2

➢ **വിദേശത്ത് നിന്ന് മടങ്ങിയെത്തുന്നവർക്കായിട്ടുള്ള പ്രവാസി പുനരധിവാസ വായ്പ**

| | | |
|---|---|---|
| റി-ടേൺ വായ്പാ പദ്ധതി (പ്രവാസ ജീവിതത്തിന് ശേഷം നാട്ടിൽ സ്ഥിര താമസമാക്കുന്നതിന് വേണ്ടി മടങ്ങിവരുന്നവർക്കുള്ള പദ്ധതി) | 20 ലക്ഷം രൂപ | പലിശ നിരക്ക് 6 മുതൽ 8% വരെ |
| | പ്രത്യേക ആനുകൂല്യം<br>പദ്ധതി അടങ്കലിന്റെ 15% വരെ മൂലധന സബ്സിഡി<br>വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷങ്ങളിൽ 3% പലിശ സബ്സിഡി | |

➢ **പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട് അപ് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സ്റ്റാർട്ട് അപ് വായ്പ**

| | |
|---|---|
| പരമാവധി തുക | 20 ലക്ഷം രൂപ |
| പ്രായപരിധി | 18 – 40 നും മദ്ധ്യേ |
| പലിശ നിരക്ക് | 6 മുതൽ 8% വരെ |
| **പ്രത്യേക ആനുകൂല്യം** | |
| ഒ.ബി.സി. വിഭാഗത്തിൽപ്പെട്ടവർക്ക് പിന്നോക്ക വിഭാഗ വികസന വകുപ്പ് സബ്സിഡി | വായ്പാ തുകയുടെ 20% (പരമാവധി 2 ലക്ഷം) |

➢ **ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട ഭവന രഹിതർക്ക് ഭവന നിർമ്മാണത്തിന് വേണ്ടിയുള്ള എന്റെ വീട് വായ്പ**

| | | |
|---|---|---|
| എന്റെ വീട് (ഭവന നിർമ്മാണ വായ്പാ പദ്ധതി) - 1 (1,20,000/- ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 7.50% |
| എന്റെ വീട് (ഭവന നിർമ്മാണ വായ്പാ പദ്ധതി) - 2 (3,00,000/- ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 10 ലക്ഷം രൂപ | 8% |

സെക്ഷൻ ഓഫീസർ